# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 332 — 29-06-2016-ൽ മറുപടിക്ക്

## ഫാക്ട് നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്.അച്ചുതാനന്ദൻ<br>ശ്രീ. കെ.ജെ.മാക്സി<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. എസ്.ശർമ്മ | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ട് നേരിടുന്ന പ്രതിസന്ധി വിശകലനം ചെയ്തിട്ടുണ്ടോ ; | (എ) ഉണ്ട്. തുടർച്ചയായ നഷ്ടം, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയ കാരണങ്ങളാൽ ഫാക്ട് കുറെ വർഷങ്ങളായി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുവരികയാണ്. കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയം 1000 കോടി രൂപ പ്ലാൻ ലോൺ ഫാക്ടിന് നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തുകയും 2016 മാർച്ച് 29 - ന് ആ തുക കമ്പനിയ്ക്ക് ലഭിയ്ക്കുകയുമുണ്ടായി. ഈ തുക കമ്പനിയുടെ ബാദ്ധ്യതകൾ തീർക്കുന്നതിനും 2016 ഏപ്രിൽ മുതൽ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനും വേണ്ട മുന്നൊരുക്കങ്ങൾ ചെയ്യുന്നതിനും സഹായകരമായി. എന്നാൽ ലോണിന്റെ 13.5% വാർഷിക പലിശയും തിരിച്ചടവും ഫാക്ടിന് വലിയ സാമ്പത്തിക ബാദ്ധ്യതയാണ്. |

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ട ത്തിലേക്ക് തള്ളിവിടുന്ന നയങ്ങൾ സ്വീകരിക്കുകയും അങ്ങനെ നഷ്ടത്തി ലാകുന്നവയെ സ്വകാര്യവത്ക്കരിക്കു കയും ചെയ്യുന്ന കേന്ദ്രനയത്തോടുള്ള നിലപാട് വ്യക്തമാക്കാമോ ;

(സി) ഫാക്ടിനെ സ്വകാര്യവത്ക്കരിക്കാതെ പൊതുമേഖലയിൽ നിലനിർത്താൻ വേണ്ടി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനായി എന്തൊക്കെ ചെയ്യാനു ദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

(ബി) & (സി) സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ ഫാക്ടിനെ പൊതുമേഖലയിൽ തന്നെ സംരക്ഷിച്ചു നിർത്താൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഫാക്ടിന്റെ നിലനിൽപ്പിനായി സംസ്ഥാന സർക്കാരിനെക്കൊണ്ട് കഴിയുന്നത്ര സഹായം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗ മായി സംസ്ഥാന സർക്കാർ എൽ.എൻ.ജി.യുടെ മേലുള്ള മൂല്യവർദ്ധിത നികുതി (VAT) ഒഴിവാക്കി നൽകിയിരുന്നു. ഇത് തുടരുന്നുണ്ട്. ഇത് മൂലം എൽ.എൻ.ജി. വാങ്ങുന്നതിന് കരാറിൽ ഏർപ്പെടുന്നതിനും അത് വഴി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഫാക്ടിന് കഴിഞ്ഞു. കേന്ദ്ര സർക്കാരിൽ നിന്ന് പ്ലാൻ ലോൺ ലഭിയ്ക്കുന്നതിന് ഫാക്ടിന്റെ കൈവശമുള്ള 408 ഏക്കർ സ്ഥലം പണയമായി നൽകുന്നതിന് സംസ്ഥാന സർക്കാരിന് വിയോജിപ്പില്ല എന്ന വിവരം അറിയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫാക്ടിന്റെ അമ്പലമേടിലുള്ള 170 ഏക്കർ സ്ഥലം BPCL-Kochi Refinery യ്ക്ക് വിൽക്കുന്നതിന് സംസ്ഥാന സർക്കാർ NOC നൽകുകയുണ്ടായി. ഇതുവഴി ലഭിക്കുന്ന പണം ഫാക്ടിന്റെ വികസന പദ്ധതികൾക്ക് വിനിയോഗി ക്കാനാവും.

സെക്ഷൻ ഓഫീസർ